CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# നാദോപാസന

(Society for the Promulgation of Classical & Choral music)

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# ക്രിസ്തുമസ് '86

## സംഘഗാന–നൃത്തോത്സവം

**23—12—1986.**

At. Jyothi Super Bazaar, Thodupuzha.

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# 1. ഉയരത്തിൽനിന്നും

ഉയരത്തിൽ നിന്നും
ഉദയം ചെയ്യും
ഉലകിൻ പ്രകാശമേ വാ
ഇരുളാർന്നയെൻെറ
ഹൃദയത്തിൽ വന്ന്
വെളിവിൻെറ ഒളിവിതറ

1. മരണത്തിൻ നിഴലിൽ ഇരുളിൻെറയറയിൽ
മരുവോർക്കു മണിദീപമായ്
മഹിയിൽച്ചരിക്കും ജനതയ്ക്കുനേരാം
വഴിയായ സ്വരദീപമേ

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

2. ഉഴലുന്ന നരനായ് വിണ്ണിൻ വെളിച്ചം
ജീവൻെറ ഉറവിടമായ്
മലമേലുയർന്ന നഗരം കണക്കെ
തെളിയണെ വഴികാട്ടുവാൻ

രചന: ഫാ. ജോസഫ് മനയ്ക്കൽ

സംഗീതം: ജെറി അമൽദേവ്

www.TheCMSIndia.org

## 2. രക്ഷകാ, എന്നു നീ വരും ?

ഭഗ്നമോഹം വീണുവീണൊരു കൽത്തുറുങ്കായി
മൈത്രേയനിൻ പുഷ്പവാടികൾ മുൾപ്പടർപ്പായി
രക്ഷകാ രക്ഷകാ, എന്നു നീ വരും ?
ആത്മാവിൽ വീണ ചങ്ങല എന്നു നീങ്ങിടും ?

1. മാമലയിൽ മുൾപ്പടർപ്പിലഗ്നിരൂപമായ്
പത്തുടമ്പടിയുള്ളിലെഴുതിയ തമ്പുരാനേ
മേഘപാളിയെങ്ങ് ദീപഗോപുരമെങ്ങ് ?
ജീവിതത്തിൽ ഞങ്ങൾ തേടും
കാനാൻ ദേശമെങ്ങ് ?
കോറസ്:– രക്ഷകാ, രക്ഷകാ ...............

2. മാനസത്തിലെത്ര നാളായ് അന്ധകാരം
പുലരികാണാനെത്ര നാളിനി കാത്തിരിക്കണം ?
കനകതാരകമെങ്ങ് ? ശാന്തിതീരമെങ്ങ് ?
കൂരിരുട്ടിൽ ഞങ്ങൾ തേടും ബദ്ലഹേമെങ്ങ് ?
കോറസ്:– രക്ഷകാ, രക്ഷകാ..........
(ഭഗ്നമോഹം വീണു വീണൊരു..........)

രചന : ഫാ. മൈക്കിൾ പനച്ചിക്കൽ

സംഗീതം : ജെറി അമൽദേവ്

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA
REG. NO. 118/IV/2016

For further information
regarding this text Please contact:

*info@thecmsindia.org*
*library@thecmsindia.org*

---

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

---

- DIGITAL LIBRARY
- ARAMAIC PROJECT
- DIRECTORY OF CHRISTIAN SONGS
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART